ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.



നിരീക്ഷിച്ച് ചർച്ച ചെയ്യൽ
ചിത്രങ്ങൾ ജീവിതസാഹചര്യങ്ങൾ എന്നിവയെ കുറിച്ച് ചർച്ച ചെയ്യുന്നതു മൂലം നിരീക്ഷണ പാഠവം ചോദ്യംചോദിക്കൽ താരതമ്യം ചെയ്യൽ പ്രകടന ശേഷി മുതലായവ വികസിപ്പിക്കൽ.



പ്രവർത്തനങ്ങളിലൂടെ പഠിക്കാം
ലളിതമായ പ്രവർത്തനങ്ങളിലൂടെ പര്യവേഷണം, സർഗ്ഗാത്മകത, വൈജ്ഞാനിക ശേഷി, അളക്കൽ, രേഖപ്പെടുത്തൽ മുതലായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തൽ.



പ്രവർത്തനങ്ങളിലൂടെ പഠിക്കാം
ലളിതമായ പരീക്ഷണങ്ങളിലൂടെ അനുമാനം, നിരീക്ഷണം കാരണമറിയൽ , നിഗമനങ്ങളിൽ എത്തിച്ചേരൽ മുതലായ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തൽ.



പ്രവർത്തന സമയം
വിനോദം , ഗ്രൂപ്പ് പ്രവർത്തനങ്ങൾ മുതലായവയിലൂടെ പര്യവേഷണം, സഹകരണം പ്രകടന ശേഷി മെച്ചപ്പെടുത്തൽ.

രണ്ടാം ഘട്ടത്തിലെ പാഠപുസ്തകത്തിലെ രണ്ട് യൂണിറ്റുകളിലും പുരോഗമന പഠന (progressive learning) സമീപനമാണ് പിന്തുടർന്നിരിക്കുന്നത്.

1. നമ്മുടെ ഹരിത മിത്രങ്ങൾ



- നമ്മുടെ ഹരിത മിത്രങ്ങൾ
- സസ്യങ്ങൾ വളരുന്ന സ്ഥലങ്ങൾ തിരിച്ചറിയുക.

സസ്യങ്ങളുടെ ഭാഗങ്ങളും അവയുടെ ധർമ്മങ്ങളും നിരീക്ഷിച്ച് മനസ്സിലാക്കുക.

- നിരീക്ഷിക്കാൻ കഴിയുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ സസ്യങ്ങളെ താരതമ്യം ചെയ്യുക.
- ഭക്ഷണയോഗ്യമായ സസ്യഭാഗങ്ങൾ തിരിച്ചറിയുക.
- സസ്യങ്ങളോട് കരുതലും ഉത്തരവാദിത്തബോധവും വളർത്തിയെടുക്കുക.

2. ഭൂതത്തിന്റെ തോട്ടം



- പഴങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവയെക്കുറിച്ച് അന്വേഷിച്ചറിയുക.
- നിരീക്ഷിക്കാൻ കഴിയുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ പഴങ്ങളെയും പച്ചക്കറികളെയും തരംതിരിക്കുക.
- സീസണൽ (പ്രത്യേക കാലങ്ങളിൽ ലഭിക്കുന്ന) പഴങ്ങൾ തിരിച്ചറിയുക.
- വേവിക്കാതെ കഴിക്കുന്നവയും വേവിച്ച് കഴിക്കുന്നതുമായ പച്ചക്കറികളെ വേർതിരിച്ചു മനസ്സിലാക്കുക.
- സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷണശീലങ്ങൾ പിന്തുടരുക.
- ആരോഗ്യകരമായ ഭക്ഷണം തിരഞ്ഞെടുക്കുക.

മൂല്യനിർണ്ണയം, ബോധന മുന്നേറ്റത്തിന് സഹായിക്കുന്നവ



പഠന യാത്ര
നിരീക്ഷണപരവും, പ്രവർത്തനപരവുമായ ലളിതമായ ചോദ്യങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഗ്രാഹ്യ ശേഷി വിലയിരുത്തപ്പെടുന്നു. ഇത് പഠനപുരോഗതിയും, കൂടുതൽശ്രദ്ധ ആവശ്യമുള്ള മേഖലകളും തിരിച്ചറിയാൻ സഹായിക്കുന്നു.



ഞാൻ പഠിച്ചവ
വിദ്യാർത്ഥികൾ പഠിച്ച പ്രധാന ആശയങ്ങൾ ഓർമ്മിക്കാനും അവയെക്കുറിച്ച് ചിന്തിക്കാനും സഹായിക്കുന്നു. കൂടാതെ പഠന അവലോകനത്തിനും പ്രചോദനത്തിനും, സഹായകമാകുന്നു



ഞാൻ ചെയ്യും
ലളിതമായ വായ് മൊഴി,വരമൊഴി പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠിച്ചതിനെ പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകി വിദ്യാർത്ഥികളുടെ ആത്മ വിശ്വാസത്തെയും, സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

ഈ പാഠപുസ്തകം ശാസ്ത്രത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പഠനം രസകരമാക്കി അർത്ഥം ഉൾക്കൊണ്ട് പഠിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ വിദ്യാർത്ഥികളുടെ മൂല്യങ്ങളും, നൈപുണ്യങ്ങളും വികസിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ അവരുടെ സമഗ്ര വികസനത്തിന് സഹായകമാകുന്നു. ഇത് വിദ്യാർത്ഥികളെ ഉത്സാഹഭരിതരായ പഠിതാക്കളായും, സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളായും വളർത്തിയെടുക്കാൻ സഹായകമാകുന്നു.

ഉള്ളടക്കം

യൂണിറ്റ് - 1
നമ്മുടെ ഹരിത മിത്രങ്ങൾ



69

യൂണിറ്റ് - 2
ഭൂതത്തിന്റെ തോട്ടം

92



TX5SJ — e-book

KJ6OQ — Inclusive book

SN5VY — THB

TG2CJ — Assesment

1 നമ്മുടെ ഹരിത മിത്രങ്ങൾ

എവിടെയും സസ്യങ്ങൾ!

XT3JN

നിരീക്ഷിച്ച് ചർച്ച ചെയ്യാം

സസ്യങ്ങളെ നമുക്ക് എവിടെയൊക്കെ കാണാം?

മധുവും മുകിലനും തങ്ങളുടെ വീടിനു മുന്നിൽ പൂച്ചക്കുട്ടിയുമായി കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. പൂച്ചക്കുട്ടി പെട്ടെന്ന് തുള്ളിച്ചാടി എങ്ങോട്ടോ ഓടിപ്പോയി. അവർ പൂച്ചക്കുട്ടിയെ തിരഞ്ഞുപോകുന്നു. അപ്പോൾ എല്ലാ സ്ഥലങ്ങളിലും സസ്യങ്ങളെ കാണുന്നു.

റോഡരികിലെ സസ്യങ്ങൾ കാണാൻ വളരെ മനോഹരമാണ്.



എവിടെ എന്റെ പൂച്ചക്കുട്ടി?

കുളത്തിലെ സസ്യങ്ങൾ ഭംഗിയായി ഒഴുകി നടക്കുന്നു.



എവിടെ എന്റെ പൂച്ചക്കുട്ടി?

വയലിലെ സസ്യങ്ങൾ ഓരോ ദിവസവും വളരുന്നു.



പൂച്ചക്കുട്ടി ഇവിടെയുമില്ലല്ലോ!

തോട്ടത്തിലെ സസ്യങ്ങൾ വർണ്ണാഭമായി കാണപ്പെടുന്നു.



എവിടെ എന്റെ പൂച്ചക്കുട്ടി?

ഇവിടെ നോക്കൂ, എന്തോ ഉണ്ടല്ലോ? നമ്മുടെ പൂച്ചക്കുട്ടിയാണോ? അതെ, അതുതന്നെ!



നമുക്ക് ചുറ്റുമുള്ള വിവിധ സ്ഥലങ്ങളിൽ സസ്യങ്ങൾ വളരുന്നു.

അധ്യാപക കുറിപ്പ്

ചിത്രങ്ങൾ നിരീക്ഷിച്ച് കുട്ടികൾ ദൈനംദിന ജീവിതത്തിൽ എവിടെയൊക്കെ സസ്യങ്ങളെ കണ്ടിട്ടുണ്ടെന്ന് ചർച്ച ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

പ്രവർത്തന സമയം

നിങ്ങളുടെ അധ്യാപകരോടൊപ്പം സ്കൂളിന് ചുറ്റും നടന്നു കാണുക. സസ്യങ്ങളെ കണ്ടസ്ഥലങ്ങൾക്ക് (✓) ചിഹ്നമിടുക.



പൂന്തോട്ടത്തിൽ



ഗേറ്റിന് സമീപം



വേലിക്കരികിൽ



കളിസ്ഥലത്തിന് ചുറ്റും



ക്ലാസ് മുറിക്കുള്ളിൽ



ചെടിച്ചട്ടികളിൽ



റോഡരികിൽ



ചില സസ്യങ്ങൾ വെള്ളത്തിൽ വളരുന്നു. ചിലത് കരയിൽ വളരുന്നു.

ചെയ്തു പഠിക്കാം

1. ഓരോ സസ്യത്തിന്റെയും താഴെയുള്ള ഭാഗത്തിന് നിറം നൽകുക: സസ്യം വെള്ളത്തിലാണ് വളരുന്നതെങ്കിൽ നീല നിറവും, കരയിലാണ് വളരുന്നതെങ്കിൽ ചുവപ്പ് നിറവും നൽകുക.









2 . കരയിൽ വളരുന്ന സസ്യത്തിന് നിറം നൽകുക.





നിരീക്ഷിച്ച് ചർച്ച ചെയ്യാം

മണ്ണ് നിറച്ച ഒരു ചട്ടിയിൽ നട്ട മണിപ്ലാന്റും, വെള്ളം നിറച്ച സുതാര്യമായ കപ്പിൽ വച്ച മറ്റൊരു മണിപ്ലാന്റും രണ്ട് ആഴ്ച നിരീക്ഷിക്കുക.

അ. രണ്ട് ആഴ്ചയ്ക്ക് ശേഷം ഏത് ചെടിയായിരിക്കും ആരോഗ്യത്തോടെ ഇരിക്കുക വളരുക? നിങ്ങളുടെ ഊഹം ശരിയെങ്കിൽ (✓) ചിഹ്നമിടുക.

ചെടി (A) ◯ ചെടി (B) ◯

ആ. രണ്ട് ആഴ്ചയ്ക്ക് ശേഷം ഏത് ചെടിയാണ് കാണാൻ ആരോഗ്യത്തോടെ ഇരിക്കുന്നത്/ നന്നായി വളർന്നത് ശരിയായവയ്ക്ക് (✓) ചിഹ്നമിടുക.

ചെടി (A) ◯ ചെടി (B) ◯





ചെടി (A)



ചെടി (B)

നിങ്ങളുടെ ഊഹം ശരിയായിരുന്നോ?

അതെ ◯ അല്ല ◯

ചില സസ്യങ്ങൾക്ക് മണ്ണിലും വെള്ളത്തിലും ഒരുപോലെ വളരാനും ആരോഗ്യത്തോടെ ഇരിക്കാനും കഴിയും.

സസ്യങ്ങളും അവയുടെ ഭാഗങ്ങളും

ഒരു ചെടിയുടെ ഓരോ ഭാഗവും അതിനെ ജീവിക്കാനും വളരാനും എങ്ങനെയാണ് സഹായിക്കുന്നത്?

നിരീക്ഷിച്ച്, ചർച്ച ചെയ്യാം



മധുവും മുകിലും പൂച്ചക്കുട്ടിയും മുത്തശ്ശിയുടെ വീട്ടിലെത്തി. അവിടെ കളിക്കുമ്പോൾ പൂച്ചക്കുട്ടി ഒരു ചെറിയ ചെടിയെ വേരോടെ പറിച്ചെടുത്തു. കുട്ടികൾ ബഹളം വച്ചു.







സാധ്യമെങ്കിൽ ഓരോ ഗ്രൂപ്പിനും ഓരോ ചെറിയ ചെടി നൽകുക. സംഭാഷണങ്ങൾ വ്യത്യസ്ത ശബ്ദങ്ങളിൽ വായിക്കുക. സംഭാഷണ വേളയിൽ കുട്ടികളോട് ആ ചെടിയുടെ ഭാഗങ്ങൾ നിരീക്ഷിച്ചും സ്പർശിച്ചും മനസ്സിലാക്കി അതിന്റെ പേര് പറയാൻ ആവശ്യപ്പെടുക. തുടർന്ന് അവയുടെ ധർമ്മങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

ചെയ്തു പഠിക്കാം

1. തക്കാളിച്ചെടിയുടെ വിട്ടുപോയ ഭാഗം വരച്ച് നിറം നൽകുക.



2. ചെടിയുടെ ചില ഭാഗങ്ങൾക്ക് നിറം നൽകി അവയുടെ പേരുകൾ എഴുതുക.

ഇലകൾ, കാണ്ഡം, പൂക്കൾ, പഴങ്ങൾ, വേരുകൾ



.....



.....



.....



.....



.....

3. കരിമ്പുച്ചെടിയുടെ ചിത്രം വരച്ച് നിറം നൽകുക.



കാണ്ഡം



നിങ്ങൾക്കറിയാമോ?

ഇത് കരിമ്പിന്റെ വെളുത്ത നിറമുള്ള പൂക്കളാണ്. കരിമ്പിനെ 'മധുരമുള്ള പുല്ല്' എന്ന് വിളിക്കുന്നു.



4. ചെടികളെ അവയുടെ പൂക്കൾ പഴങ്ങൾ എന്നിവയുമായി യോജിപ്പിച്ച് നിറം നൽകുക.

























സസ്യങ്ങൾ പലവിധം

നിരീക്ഷിക്കാം, ചർച്ച ചെയ്യാം







നിരീക്ഷിച്ച് ശരിയായ ഉത്തരത്തിന് (✓) ചിഹ്നമിടുക.

1. ഏറ്റവും വലിയ സസ്യം ഏതാണ്?

   ◯ പുതിന ◯ മുല്ല ◯ മാവ്

2. കട്ടിയുള്ള (തടിച്ച) കാണ്ഡമുള്ള സസ്യം ഏതാണ്?

   ◯ മാവ് ◯ മുല്ല ◯ പുതിന

3. ചെറിയ സസ്യം ഏതാണ്?

   ◯ മാവ് ◯ പുതിന ◯ മുല്ല

4. പുതിനയിലകൾ...

   ◯ മൃദുവായത് ◯ കട്ടിയുള്ളത് ◯ പരുപരുത്തത്



പ്രവർത്തന സമയം

എല്ലാ സസ്യങ്ങളും ഒരുപോലെയാണോ ഉള്ളത് ?



മുകളിലുള്ള ചിത്രം നിരീക്ഷിച്ച്,ശരിയായ സംഖ്യ എഴുതുക.

ചെറിയ സസ്യം ☐ ഇടത്തരം വലിപ്പമുള്ള സസ്യം ☐

വലിയ സസ്യം: ☐ കട്ടിയുള്ള കാണ്ഡം ☐ മെലിഞ്ഞ കാണ്ഡം ☐



സ്കൂളിന് ചുറ്റുമുള്ള പ്രകൃതിഭംഗി ആസ്വദിക്കുന്നതിനായി അധ്യാപകർ കുട്ടികളെ കൊണ്ടുപോകുക. സസ്യങ്ങളുടെ ഉയരം താരതമ്യം ചെയ്യാൻ അവരോട് ആവശ്യപ്പെടുക. കാണ്ഡങ്ങൾ (മൃദുവായത് / ദൃഢമായത്, കട്ടിയുള്ളത് / മെലിഞ്ഞത്) നിരീക്ഷിക്കുകയും പുതിയതും പഴയതും ഉണങ്ങിയതും കൊഴിഞ്ഞതുമായ ഇലകൾ നിരീക്ഷിക്കാനും തിരിച്ചറിയാനും ആവശ്യപ്പെടുക. അവരുടെ നിരീക്ഷണങ്ങൾ താരതമ്യം ചെയ്യാനും ചർച്ച ചെയ്യാനും അവരെ പ്രോത്സാഹിപ്പിക്കുക.

ചെയ്തുപഠിക്കാം

1. അളക്കാം, താരതമ്യം ചെയ്യാം: കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും ഒരു ചീരച്ചെടി നൽകുക. ഇറേസർ (Eraser) ഉപയോഗിച്ച് ചെടിയുടെ ഭാഗങ്ങൾ അളന്ന് അത് പട്ടികയിൽ രേഖപ്പെടുത്തുക.



നിരീക്ഷണം	ഇറേസറുകളുടെ എണ്ണം
വേരിന്റെ നീളം	
കാണ്ഡത്തിന്റെ നീളം	
ഇലയുടെ നീളം	

ചർച്ച ചെയ്യുക: ഇറേസറുകൾ ഉപയോഗിച്ച് നിങ്ങൾ അളന്നത് നിങ്ങളുടെ കൂട്ടുകാരൻ അളന്നതുമായി താരതമ്യം ചെയ്യുക. എല്ലാ ചെടികളിലും അവ ഒരുപോലെ ആണോ ഉള്ളത്?

ഒരു കാണ്ഡത്തിലുള്ള ഇലകളുടെ എണ്ണം: _____

നിന്റെ ചെടിയിൽ ഉള്ള നീളമുള്ള ഭാഗത്തിന് (✓) ചിഹ്നമിടുക.

1. വേര് ◯ 2. കാണ്ഡം ◯
3. ഇല ◯

എല്ലാ ചെടികൾക്കും വേരുകൾ, കാണ്ഡങ്ങൾ, ഇലകൾ എന്നിവ ഉണ്ട്. എന്നാൽ, അവയുടെ നിറം രൂപം വലിപ്പം എന്നിവ വ്യത്യാസമാണ്.

ഇലകളിലും പൂക്കളിലും ജലം എപ്രകാരമാണ് എത്തുന്നത്?

2. കണ്ടെത്താമോ ! ആവശ്യമായ വസ്തുക്കൾ:
കണ്ണാടി ഗ്ലാസ് അല്ലെങ്കിൽ പ്ലാസ്റ്റിക് കപ്പ്, ജലം ഓരോ കുട്ടിക്കും ഓരോ സുതാര്യമായ സ്ട്രോയയും നൽകുക.



വെള്ളം നിറച്ച ഒരു കണ്ണാടിഗ്ലാസ്സ്എടുക്കുക.



സുതാര്യമായ സ്ട്രോയുടെ ഒരു അഗ്രം വെള്ളത്തിനുള്ളിൽ വയ്ക്കുക.



സ്ട്രോയിലൂടെ വെള്ളം സാവധാനത്തിൽ മുകളിലേക്ക് വലിച്ചെടുത്ത് നിരീക്ഷിക്കുക.

അ. സ്ട്രോയ്ക്കുള്ളിലൂടെ ജലം താഴെ നിന്നും മുകളിലേക്ക് വരുന്നുണ്ടോ?

ആ. സ്ട്രേയ്ക്ക് ചെടിയുടെ കാണ്ഡവുമായി സാമ്യം ഉണ്ടോ? താരതമ്യം ചെയ്ത് ചർച്ച ചെയ്യുക.

കാണ്ഡം ജലത്തെ ഇലകളിലേക്കും പൂക്കളിലേക്കും എത്തിക്കുന്നു.

അധ്യാപക കുറിപ്പ്

ഓരോ കുട്ടിക്കും വ്യത്തിയുള്ള സ്ട്രോ നൽകുക. പരസ്പരം കൈമാറാൻ അനുവദിക്കരുത്. സ്ട്രോയിലൂടെ വെള്ളം മുകളിലേക്ക് ഉയരുന്നത് നിരീക്ഷിക്കാനും, അത് ചെടിയുടെ കാണ്ഡം വെള്ളം മുകളിലേക്ക് എത്തിക്കുന്നതുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനും കുട്ടികളെ സഹായിക്കുക.

നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചെടികളെ നിങ്ങൾ എങ്ങനെ തിരിച്ചറിയും?

3. (അ). ഇവ ഏത് ചെടികളാണ്? അവയുടെ പേരുകൾ എഴുതുക. (മുളക് / തക്കാളി)





ചെടികളെ അവയുടെ വിവിധ ഭാഗങ്ങളിലൂടെ തിരിച്ചറിയാൻ സാധിക്കും.

(ആ). ചെടികളുടെ. ഏത് ഭാഗമാണ് ആദ്യം തിരിച്ചറിയാൻ നിങ്ങളെ സഹായിച്ചത്? ശരിയായവയ്ക്ക് (✓)ചിഹ്നമിടുക

○ പഴങ്ങൾ ○ ഇലകൾ ○ കാണ്ഡം ○ പൂവ്

(ഇ). തക്കാളിയും മുളകും വരയ്ക്കുക.

തക്കാളി	മുളക്

ചർച്ച ചെയ്യാം; എല്ലാ കായ്കളുടെയും/പഴങ്ങളുടെയും വലിപ്പവും നിറവും ഒരുപോലെയാണോ ഉള്ളത് ?

അധ്യാപക കുറിപ്പ്

ലഭ്യമാണെങ്കിൽ കുട്ടികൾക്ക് യഥാർത്ഥ തക്കാളിച്ചെടിയും മുളകുചെടിയും കാണിച്ചുകൊടുക്കുക. അവ നിരീക്ഷിക്കാനും, താരതമ്യം ചെയ്യാനും, എങ്ങനെയാണ് ചെടികളെ തിരിച്ചറിയുന്നതെന്ന് പറയാനും കുട്ടികളോട് ആവശ്യപ്പെടുക.

ഭക്ഷണയോഗ്യമായ സസ്യങ്ങൾ

നിരീക്ഷിച്ച് ചർച്ച ചെയ്യാം

സസ്യത്തിന്റെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ച് നമുക്ക് ആഹാരം തയ്യാറാക്കാൻ കഴിയുമോ?

TH2AX

എല്ലാവരും വരൂ, നമ്മുടെ ഭക്ഷണത്തിനായി വ്യത്യസ്ത തരം പച്ചക്കറികൾ ശേഖരിക്കാം.



മണ്ണിനടിയിൽ വളരുന്നവ	മണ്ണിന് മുകളിൽ വളരുന്നവ		
 കാരറ്റ്  ഉരുളക്കിഴങ്ങ്	 മല്ലിയില  കാബേജ്  കറിവേപ്പില	 വാഴപ്പൂവ്  കോളിഫ്ളവർ	 തക്കാളി

ചില പച്ചക്കറികൾ മണ്ണിനടിയിലും ചിലത് മണ്ണിന് മുകളിലുമാണ് വളരുന്നത്.

ചെയ്ത് പഠിക്കാം

1. **മണ്ണിന് അടിയിൽ വളരുന്ന ഒരു പച്ചക്കറിയെയും മണ്ണിനും മുകളിൽ വളരുന്ന ഒരു പച്ചക്കറിയെയും വരച്ച അവയുടെ പേരെഴുതുക**

മണ്ണിനടിയിൽ വളരുന്നവ	മണ്ണിന് മുകളിൽ വളരുന്നവ

നിങ്ങളുടെ പാത്രത്തിലുള്ള ഭക്ഷണം നിരീക്ഷിക്കുക. അതിൽ എത്ര ഭക്ഷണസാധനങ്ങളാണ് ചെടികളിൽ നിന്ന് ലഭിക്കുന്നത്?

_____



2. ഭക്ഷണയോഗ്യമായ ഇലകളെയും പൂക്കളെയും കണ്ടെത്തി നിറം നൽകുക.



പുതിന



കോളിഫ്ളവർ



തക്കാളി



വാഴപ്പൂവ്

3. കൂട്ടത്തിൽ യോജിക്കാത്തവയ്ക്ക് (✓) ചിഹ്നമിടുക. നിങ്ങൾക്കറിയാവുന്നത് കൂട്ടുകാരുമായി ചർച്ച ചെയ്യുക.

അ)









ആ)









ഇ)









4. പ്രവർത്തനപദ്ധതി.

കഴിഞ്ഞ 3,4 ദിവസങ്ങളിൽ നിങ്ങൾ കഴിച്ച പച്ചക്കറികളെക്കുറിച്ച് ചിന്തിക്കുക. മുതിർന്നവരുടെ സഹായത്തോടെ അവയുടെ പേരുകൾ എഴുതുക. അവയെ മണ്ണിനടിയിൽ വളരുന്നവ, മണ്ണിന് മുകളിൽ വളരുന്നവ, ഇലകൾ, പൂക്കൾ എന്നിങ്ങനെ തരംതിരിക്കുക.

മണ്ണിനടിയിൽ വളരുന്ന പച്ചക്കറികൾ _____

മണ്ണിന് മുകളിൽ വളരുന്ന പച്ചക്കറികൾ _____

ഇലകൾ _____ പൂക്കൾ _____

സസ്യങ്ങളെ സംരക്ഷിക്കാം

നിരീക്ഷിച്ച്, ചർച്ച ചെയ്യാം

സസ്യങ്ങൾ ആരോഗ്യത്തോടെയിരിക്കാൻ ആവശ്യമുള്ളവ എന്തൊക്കെയാണ്?



നമുക്ക് ചുറ്റുമുള്ള ചെടികളെ നാം പരിചരിക്കേണ്ടതാണ്.

ചെയ്ത് പഠിക്കാം

1. ചെടികളെ പരിചരിക്കാൻ നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ ശരിയായവയ്ക്ക് (✓) ചിഹ്നമിടുക.


ചെടി നനയ്ക്കൽ ☐


ചെടിയെ ചവിട്ടിമെതിക്കൽ ☐


പൂക്കൾ പറിക്കൽ ☐


ചെടിക്ക് ചുറ്റും വേലി കെട്ടൽ ☐


ചില്ലകൾ ഒടിക്കൽ ☐


വലിച്ചെറിയൽ ☐

2. കുത്തുകൾ യോജിപ്പിച്ച് നിറം നൽകുക.



3. ഒരു വെള്ളക്കടലാസിൽ മരത്തോലിന്റെയും ഇലയുടെയും അച്ചെടുക്കുക.







ലോകത്തിലെ തന്നെ ഏറ്റവും വലുതും ശക്തവുമായ ഇലകളിൽ ഒന്നാണ്. വിക്ടോറിയ വാട്ടർ ലില്ലി.

4. ഒരു വെള്ളക്കടലാസിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു ചെടി വരച്ച് നിറം നൽകി, അതിന്റെ ഭാഗങ്ങളുടെ പേരെഴുതുക.



പൂക്കൾ

പൂക്കൾ നമ്മെ എന്തുകൊണ്ടാണ് സന്തോഷകരമാക്കുന്നത്?

പ്രവർത്തന നേരം

1. ഒരു പൂച്ചെണ്ട് തയ്യാറാക്കാം

മധു ഒരു ചെറിയ പൂച്ചെണ്ട് തയ്യാറാക്കി തന്റെ മുത്തശ്ശിക്ക് നൽകി.

1. ഇലയുടെ അടിഭാഗത്ത് നിന്ന് മധ്യഭാഗം വരെ ഇരുവശത്തു നിന്നും ചെറിയതോതിൽ മുറിക്കുക.
2. ഇലയുടെ ഒരു വശത്തുള്ള ഭാഗത്തെ ഉള്ളിലേക്ക് മടക്കുക.
3. മറുവശത്തുള്ള ഭാഗത്തെയും ഉള്ളിലേക്ക് മടക്കുക.
4. അതിനുള്ളിൽ രണ്ട് പൂക്കൾ വച്ച് പൂച്ചെണ്ട്തയ്യാറാക്കുക.





ഇനി, നിങ്ങളുടെ ചുറ്റുമുള്ള പൂക്കളും ഇലകളും ഉപയോഗിച്ച് ഒരു പൂച്ചെണ്ട് തയ്യാറാക്കി നിങ്ങൾക്കിഷ്ടമുള്ള ആർക്കെങ്കിലും നൽകൂ.

അധ്യാപക കുറിപ്പ്

ലഭ്യമായ പൂക്കൾ ഉപയോഗിച്ച് പൂച്ചെണ്ട് തയ്യാറാക്കാൻ അധ്യാപകർ.കുട്ടികളെ സഹായിക്കുക.

2. പൂക്കളുടെ സുഗന്ധം തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ കണ്ടുപിടിക്കുക.





പൂക്കൾ നമ്മുടെ പരിസരത്തെ വർണ്ണാഭവും സുഗന്ധപൂരിതവുമാക്കുന്നു.

അധ്യാപക കുറിപ്പ്

പ്രദേശത്ത് സുലഭമായി ലഭിക്കുന്ന നല്ല സുഗന്ധമുള്ള പുതിയ പുതിയ പൂക്കൾ ശേഖരിക്കുക. ഒരോ തവണയും ഒരു പൂവ് മാത്രംചെറുതുണിസഞ്ചിയിൽ വച്ച്,. ഓരോ കുട്ടിയും അതിന്റെ ഗന്ധം തിരിച്ചറിഞ്ഞ് അവരുടെ അഭിപ്രായം പങ്കുവയ്ക്കാനും, തുടർന്ന് ആ പൂക്കളുടെ പേര് പറയാനും ആവശ്യപ്പെടുക.

3. നിങ്ങളുടെ ക്ലാസ്സിൽ ഒരു പൂക്കളം ഒരുക്കാം.

1 ശ്രദ്ധിക്കുക
പൂക്കളെ സൂക്ഷ്മമായി നിരീക്ഷിക്കുക.



2 ഗ്രൂപ്പായി തിരിക്കുക
ഒരേ ഇനത്തിലുള്ള പൂക്കളെ ഒരുമിച്ച് ചേർത്ത് വയ്ക്കുക.



3 തീരുമാനിക്കുക.
ഓരോ പൂവും പൂക്കളത്തിൽ എവിടെയാണ് ഇടേണ്ടത് എന്ന് തീരുമാനിക്കുക.



4 നിർമ്മിക്കുക
എല്ലാവരും ചേർന്ന് മനോഹരമായ ഒരു പൂക്കളം നിർമ്മിക്കുക.





നിർമ്മിച്ച പൂക്കളം മറ്റുള്ളവരെ കാണിക്കുകയും അതിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുക.

4. പൂവിന്റെ ഇതളുകൾ എണ്ണി എഴുതുക.



അ. എല്ലാ പൂക്കൾക്കും തുല്യ എണ്ണം ഇതളുകളാണോ ഉള്ളത്?

അതെ ☐ അല്ല ☐

ആ. നിങ്ങളുടെ ഉത്തരങ്ങൾ നിങ്ങളുടെ കൂട്ടുകാരുടെ ഉത്തരവുമായി താരതമ്യം ചെയ്യുക.

വ്യത്യസ്ത പൂക്കൾക്ക് വ്യത്യസ്ത എണ്ണം ഇതളുകളാണുള്ളത്.

അധ്യാപക കുറിപ്പ്

വ്യത്യസ്ത തരം പൂക്കൾ ക്ലാസ് മുറിയിൽ കൊണ്ടുവരിക. ഓരോ കുട്ടികളും ഓരോരോ പൂക്കളുടെ ഇതളുകളുടെ എണ്ണം. കൂട്ടുകാരുടെ പൂക്കളുടെ ഇതളുകളുടെ എണ്ണവുമായി.താരതമ്യം ചെയ്യാനും പ്രോത്സാഹിപ്പിക്കുക.

നിരീക്ഷിച്ച് ചർച്ച ചെയ്യാം

എല്ലാ പൂക്കളും ഒരുപോലെയാണോ?


മുല്ല


ജമന്തി


റോസ


പവിഴമല്ലി


ചെമ്പകപ്പൂവ്

ഇവ സുഗന്ധപൂരിതമായവ പൂക്കൾ


വാടാമല്ലി



പാറുക പാറുക... കുഞ്ഞിപ്പറവേ,
പൂന്തോട്ടത്തിലെ പൂക്കളെ കാണൂ!.
ഏത് പൂവാണ് നീ കൊണ്ടുവന്നത്?
ഒരു കൊട്ട നിറയെ മുല്ലപ്പൂക്കൾ!...


തെച്ചി


ശംഖുപുഷ്പം


നിത്യകല്യാണി


കനകാംബരം

പൂക്കൾ വ്യത്യസ്ത നിറങ്ങളിൽ കാണപ്പെടുന്നു. ചില പൂക്കൾ നറുമണം ഉള്ളവയും ചില പൂക്കൾ കുലകുലയായി പൂക്കുന്നവയും മറ്റുചില പൂക്കൾ ഒറ്റ പൂവായി പൂക്കുന്നവയുമാണ്.

അധ്യാപക കുറിപ്പ്

സാധ്യമായത്ര വ്യത്യസ്ത തരം പൂക്കൾ ക്ലാസ്സിൽ കൊണ്ടുവരിക. പൂക്കളുടെ പേരുകൾ മാറ്റിമാറ്റി ഉപയോഗിച്ച് പാട്ട് പൂർത്തിയാക്കാൻ കുട്ടികളെ സഹായിക്കുക.

ചെയ്ത് പഠിക്കാം

MF9ZJ

1. ശരിയായ പൂവിന് (✓) ചിഹ്നമിടുക.

അ. കൊത്തു കൊത്തായി പൂക്കുന്നപൂവ്:





ആ. നറുമണമുള്ള രണ്ട് പൂക്കൾ:

ഇ. നിങ്ങൾക്ക് വളരെ ഇഷ്ടമുള്ള പൂവ്:





_____.

നമ്മുടെ ദൈനംദിന ജീവിതത്തിൽ പൂക്കൾ എവിടെയൊക്കെയാണ് ഉപയോഗിക്കുന്നത്?

2. നിങ്ങൾ ഒരോ പൂവും ഉപയോഗിക്കുന്നത് കണ്ടിട്ടുള്ള ഇടങ്ങളിൽ ഒരു 🙂 വരയ്ക്കുക.

പൂക്കൾ ഉപയോഗിക്കുന്ന സ്ഥലങ്ങൾ	1 	2 	3 	4 	5 	6 
 മുടിയിൽ ചൂടാൻ						
 പൂമാല ഉണ്ടാക്കാൻ						
 പൂക്കളമിടാൻ						
 അലങ്കാരങ്ങൾക്ക്						
🙂 ആകെ എണ്ണം						

അ) ഏറ്റവും കൂടുതൽ 🙂 ഉള്ള പൂവ് ഏതാണ്?_____.

ഏറ്റവും കുറവ് 🙂 ഉള്ള പൂവ് ഏതാണ്? _____.

ആ) നിങ്ങളുടെ വീട്ടിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പൂവ് ഏതാണ്? _____.

നമ്മെ അലങ്കരിക്കാനും, വീടുകൾ അലങ്കരിക്കാനും ആരാധനാലയങ്ങൾ അലങ്കരിക്കാനും ആഘോഷവേളകളിലും നമ്മൾ പൂക്കൾ ഉപയോഗിക്കുന്നു.

3. നിങ്ങൾ എന്തുകൊണ്ടാണ് പൂക്കൾ ഇഷ്ടപ്പെടുന്നത് ? നിങ്ങളുടെ ഉത്തരങ്ങൾക്ക് (✓) ചിഹ്നമിട്ട് കൂട്ടുകാരുമായി പങ്കുവയ്ക്കുക.


പൂക്കൾ വർണ്ണാഭമായതിനാൽ


പൂക്കൾക്ക് നല്ല സുഗന്ധം ഉള്ളതിനാൽ


ചിത്രശലഭങ്ങൾ പൂക്കളിലേക്ക് വരുന്നതിനാൽ


പൂക്കൾ നമുക്ക് ആനന്ദം നൽകുന്നതിനാൽ


പൂക്കൾ പരിസരം മനോഹര മാക്കുന്നതിനാൽ

4. പെൻസിൽ ചീകിയ അവശിഷ്ടങ്ങൾ ഉപയോഗിച്ച് പൂപ്പാത്രം അലങ്കരിക്കുക.







5. ഒരു ചെറിയ വീടും അതിന്റെ സമീപത്ത് ഒരു മരവും ഒരു കുളവും വരയ്ക്കുക. വീടിന് ചുറ്റും നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചെടികളെയും കുളത്തിൽ പൂക്കളെയും വരച്ചുചേർക്കുക.



പഠന യാത്ര

1. ഓരോ സസ്യത്തെയും അവ വളരുന്ന പ്രദേശവുമായി വരച്ച് യോജിപ്പിക്കുക.

കുളം പൂന്തോട്ടം വയൽ





2. ഒരു ചെറിയ ചെടിച്ചട്ടിയിൽ വളർത്താൻ ഏറ്റവും അനുയോജ്യമായ സസ്യത്തിന് (✓) ചിഹ്നം ഇടുക.





3. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് സുഗന്ധമുള്ള പൂവ് (✓) ചിഹ്നമിടുക.





4. വായ്മൊഴി

അ) കാണ്ഡത്തിലൂടെ ജലം മുകളിലേക്ക് എത്തിയില്ലെങ്കിൽ ഇലകൾക്ക് എന്ത് സംഭവിക്കും?

ആ) എന്റെ കൂട്ടുകാരൻ/കൂട്ടുകാരി ഉണങ്ങിയ മണലിൽ ഒരു ചെടി നട്ടു. അത് നന്നായി വളരുമോ? എന്തുകൊണ്ട്?

ഞാൻ പഠിച്ച കാര്യങ്ങൾ

- എനിക്ക്, സസ്യങ്ങൾ വളരുന്ന സ്ഥലങ്ങൾ തിരിച്ചറിയാൻ സാധിക്കും. ☆
- എനിക്ക്, ഒരു ചെടിയുടെ പ്രധാന ഭാഗങ്ങളുടെ പേരുകൾ പറയാൻ സാധിക്കും. ☆
- എനിക്ക്, ചെടികളുടെ ഭക്ഷണയോഗ്യമായ ഭാഗങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയാൻ സാധിക്കും. ☆
- എനിക്ക്, സാധാരണ കാണുന്ന പൂക്കളെയും അവയുടെ ഉപയോഗങ്ങളെയും തിരിച്ചറിയാൻ സാധിക്കും. ☆
- ഞാൻ ചെടികളെ സംരക്ഷിക്കാറുണ്ട്/പരിപാലിക്കാറുണ്ട്. ☆

ഞാൻ ചെയ്യും

1. മണ്ണിനടിയിൽ വളരുന്ന പച്ചക്കറികൾക്ക് ● നിറവും, മണ്ണിന് മുകളിൽ വളരുന്ന പച്ചക്കറികൾക്ക് ● നിറവും നൽകുക.






2. ഒരു ചെടിക്ക് സൂര്യപ്രകാശവും മണ്ണും ലഭിക്കുന്നുണ്ട്, എന്നാൽ വെള്ളം കിട്ടുന്നില്ല. എന്ത് സംഭവിക്കാം?

- ☐ ചെടി നന്നായി വളരും.
- ☐ ചെടി ഉണങ്ങിപ്പോയേക്കാം.
- ☐ ചെടി കൂടുതൽ പൂക്കൾ തരും.

3. എല്ലാ പൂക്കൾക്കും ഒരേ എണ്ണത്തിലുള്ള ഇതളുകളാണ് ഉള്ളത് എന്ന് റിയ പറയുന്നു. ഇത് നീ അംഗീകരിക്കുന്നുണ്ടോ?

☐ അതെ ☐ ഇല്ല

4. ചിത്രം നിരീക്ഷിക്കുക. ചെടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന സസ്യ ഭാഗത്തിന് (✓) ചിഹ്നം ഇടുക. ആ ഭാഗത്തിന്റെ പേര് എഴുതുക.



ആ ഭാഗത്തിന്റെ പേര്: _____

5 പഴങ്ങളായി മാറുന്ന സസ്യത്തിന്റെ ഭാഗത്തിന് (✓) ചിഹ്നമിടുക.

അ) ○ 

ആ) ○ 

ഇ) ○ 

ഈ) ○ 

6. തന്നിട്ടുള്ള പച്ചക്കറികളെ ശരിയായ ഗ്രൂപ്പുമായി യോജിപ്പിക്കുക.





ഇലകൾ

പൂക്കൾ

മണ്ണിനടിയിൽ വളരുന്നവ

മണ്ണിന് മുകളിൽ വളരുന്നവ





7. വായ്മൊഴി ചോദ്യങ്ങൾ

അ. ഒരു ചെടിയിൽ വിവിധ തരം പൂക്കളുണ്ട്. കുറച്ചു ദിവസങ്ങൾക്ക് ശേഷം എന്ത് സംഭവിക്കാം?

ആ. ചെടികൾ പൂന്തോട്ടങ്ങളിൽ മാത്രമേ വളരുകയുള്ളൂ എന്ന് നിങ്ങളുടെ കൂട്ടുകാരൻ/കൂട്ടുകാരി പറയുന്നു. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? എന്തുകൊണ്ട് ഇല്ല?

8. പ്രോജക്റ്റ്

നിങ്ങളുടെ ചുറ്റുമുള്ള പൂക്കളെ നിരീക്ഷിക്കുക. മുതിർന്ന ഒരാളുടെ സഹായത്തോടെ നിങ്ങളുടെ നിരീക്ഷണങ്ങൾ പട്ടികപ്പെടുത്തുക.

ക്രമ നമ്പർ	പൂവിന്റെ പേര്	നിറം	ഇതളുകളുടെ എണ്ണം	സുഗന്ധം ഉണ്ടോ? ഇല്ലയോ?
1				
2				
3				
4				
5				

2 ഭൂതത്തിന്റെ തോട്ടം

പച്ചക്കറികൾ

പ്രവർത്തന സമയം

എന്റെ പച്ചക്കറി, പഴവർഗ്ഗ തോട്ടത്തിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു. എന്നെ കണ്ടു പേടിക്കേണ്ടതില്ല. ഞാൻ നിങ്ങളുടെ സുഹൃത്തായ ഭൂതമാണ്. വരൂ, നമുക്ക് ഒരുമിച്ച് പാടാം.





വരിക !വരിക! വരിക ! വരിക !
എന്നോടൊപ്പം വരിക !
നോക്കൂ !നോക്കൂ !ചുറ്റും നോക്കൂ!
സുന്ദരമായൊരു തോട്ടം നോക്കൂ!

മണ്ണിനടിയിൽ ഉരുളക്കിഴങ്ങ്
ഒളിഞ്ഞിരിക്കും ഉരുളക്കിഴങ്ങ്
ഇലഇലയായ് കാബേജ്
ഉരുണ്ടു പിരണ്ട കാബേജ് !
പാളികൾ നിറഞ്ഞ ഉള്ളികൾ ഉണ്ട്.
കണ്ണുകൾ നിറയ്ക്കും ഉള്ളികൾ ഉണ്ട്.



ചുവന്നു തുടുത്ത തക്കാളി
ചാറ് നിറഞ്ഞ തക്കാളി
എന്ത് മനോഹര കാഴ്ചകളാണ്
ആരോഗ്യകരമാം ഈ ഭക്ഷണം
തല മുതൽ പാദം വരെ
പോഷകം തരും നല്ല ഭക്ഷണം.

ശേഖരിക്കാം അടുക്കിവയ്ക്കാം

പ്രവർത്തന സമയം



അധ്യാപകൻ/അധ്യാപിക ഭൂതത്തെപ്പോലെ അഭിനയിക്കണം. ഈ പ്രവർത്തനങ്ങൾ ചെയ്യാനായി കുട്ടികളോട് അവരുടെ വീട്ടിൽ നിന്നും ഓരോ പച്ചക്കറി കൊണ്ടുവരാൻ ആവശ്യപ്പെടുക.

കണ്ടെത്തൂ! കണ്ടെത്തൂ!



ഞാൻ നിങ്ങളോട് ചില കടങ്കഥകൾ ചോദിക്കാം. നിങ്ങൾ ആ കടങ്കഥയ്ക്കുള്ള പച്ചക്കറി ഏതാണെന്ന് കണ്ടുപിടിച്ച് എന്റെ അരികിൽ കൊണ്ടുവരിക.

(തക്കാളി, കാരറ്റ്, സവാള, വഴുതിനങ്ങ, കാബേജ്)



ഞാൻ തിളങ്ങുന്ന പർപ്പിൾ നിറത്തിൽ കിരീടത്തോടുകൂടി കാണപ്പെടുന്നു.. ഞാൻ ആര്?

ഞാൻ ഓറഞ്ച് നിറത്തിൽ കാണപ്പെടുന്നു. മുയലുകൾക്ക് എന്നെ തിന്നാൻ വളരെ ഇഷ്ടമാണ്. ഞാൻ ആര്?

ഞാൻ ഇളം ചുവപ്പ് അല്ലെങ്കിൽ വെള്ളം നിറത്തിൽ കാണപ്പെടും. എന്നെ അരിയുമ്പോൾ നിങ്ങൾ കരയും. ഞാൻ ആര്?

ഞാൻ ഒരു വലിയ പന്തു പോലെ പച്ച നിറത്തിൽ കാണപ്പെടുന്നു. ഇലകളെ പല പാളികളായി ഞാൻ ധരിച്ചിട്ടുണ്ട്. ഞാൻ ആര്?

ഞാൻ ചുവന്നതും നീരുള്ളതുമാണ്. ഞാൻ സലാഡുകൾക്ക് രുചിക്കൂട്ടുന്നു. ഞാൻ ആര്?

തൊട്ടറിഞ്ഞ് തരംതിരിക്കാം

വിനോദത്തിൽ ഏർപ്പെടാം. ഞാൻ മൃദുവായത്, കട്ടിയുള്ളത്, വഴുവഴുപ്പുള്ളത്, പരുപരുത്തത് എന്നിങ്ങനെ നാല് വട്ടങ്ങൾ വരയ്ക്കാൻ പോകുകയാണ്. പച്ചക്കറികൾ തൊട്ടുനോക്കി അവ ശരിയായ വട്ടങ്ങളിൽ വയ്ക്കുക.

IY2WZ



ചെയ്തു പഠിക്കാം

1. പച്ചക്കറികളുടെ പുറംഭാഗപ്രകൃതത്തെ നിരീക്ഷിച്ച് ഉചിതമായവയ്ക്ക് (✓) ചിഹ്നമിടുക.



തക്കാളി

- ○ പരുപരുത്തത്
- ○ വഴുവഴുപ്പ് ഉള്ളത്



ചേന

- ○ പരുപരുത്തതും കട്ടിയുള്ളതും
- ○ വഴുവഴുപ്പ് ഉള്ളത് മിനുസമാർന്നത്



പാവയ്ക്ക

- ○ പരുപരുത്തത്
- ○ വഴുവഴുപ്പ് ഉള്ളത്



ചുരക്ക

- ○ മൃദുവായത്
- ○ കട്ടിയുള്ളത്

2. പച്ചക്കറികളെ നോക്കി,ഏറ്റവും ഭാരമുള്ളതിൽ നിന്ന് ഏറ്റവും ഭാരം കുറഞ്ഞതിലേക്ക് നമ്പർ എഴുതുക. ഏറ്റവും ഭാരം കൂടിയതിന് 1 എന്നും, ഏറ്റവും ഭാരം കുറഞ്ഞതിന് 6 എന്നും എഴുതുക.



3. പച്ചക്കറികൾ നോക്കി ഏറ്റവും നീളം കൂടിയതിൽ നിന്ന് നീളം കുറഞ്ഞതിലേക്ക് നമ്പർ എഴുതുക. ഏറ്റവും നീളം കൂടിയതിന് 1 എന്നും ഏറ്റവും നീളം കുറഞ്ഞതിന് 6 എന്നും എഴുതുക.



4. പച്ചക്കറികൾ ഉപയോഗിച്ച് ഒരു മഴവില്ല് തയ്യാറാക്കാൻ ശ്രമിക്കാം.

ചുവപ്പ് ഓറഞ്ച് മഞ്ഞ പച്ച നീല ഇൻഡിഗോ വയലറ്റ്

മഴവില്ലിലെ ഓരോ നിറത്തിനുമുള്ള ഓരോ പച്ചക്കറി വീതം എന്റെ കയ്യിൽ കൊണ്ടുവരിക. അത് വരയ്ക്കുക. ഏത് രണ്ട് നിറങ്ങളിലാണ് നിങ്ങൾക്ക് പച്ചക്കറികൾ കണ്ടെത്താൻ കഴിയാത്തത്?



പ്രവർത്തന സമയം

പച്ചക്കറി മനുഷ്യൻ

ഗ്രൂപ്പുകളായി ചേർന്ന് പച്ചക്കറികൾ ഉപയോഗിച്ച് പച്ചക്കറി മനുഷ്യനെ നിർമ്മിക്കുക.





ആരോഗ്യത്തോടും ഉന്മേഷത്തോടും ഇരിക്കാൻ ധാരാളം പച്ചക്കറികൾ കഴിക്കുക.

നിങ്ങൾ വളരെ കഠിനാധ്വാനത്തോടെയും സമർത്ഥമായും പ്രവർത്തിച്ചിരിക്കുന്നു. വരൂ! നമുക്ക് കുറച്ച് വെജിറ്റബിൾ സലാഡ് ഉണ്ടാക്കി കഴിക്കാം. വെജിറ്റബിൾ സലാഡ് ആരോഗ്യപ്രദമായ ഒരു ലഘുഭക്ഷണമാണ്. എന്ന് ഭൂതം പറയുന്നു.



അധ്യാപക കുറിപ്പ്

കുട്ടികളുമൊത്ത് ഒരു ഫ്രൂട്ട് സലാഡ് തയ്യാറാക്കുക.

ചെയ്തു പഠിക്കാം



1 വേവിക്കാതെ (പച്ചയായി) കഴിക്കാൻ കഴിയുന്ന പച്ചക്കറികൾ കണ്ടെത്തി, അവയെ തമ്മിൽ യോജിപ്പിച്ച് ഒരു (V)ആകൃതി രൂപപ്പെടുത്തുക



2. വേവിക്കാതെ (പച്ചയായി) കഴിക്കാൻ സാധിക്കുന്ന പച്ചക്കറികളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്?

_____



എന്റെ തോട്ടത്തിലുള്ള പലതരം വെണ്ടയ്ക്കകളെ നോക്കുക.



3. വിവിധ തരം മുളകുകൾ കൊണ്ടുവരുക. അവ വരച്ച് നിറം നൽകുക. (ക്യാപ്സിക്കവും ഉൾപ്പെടുത്താം)

ചുവന്ന മുളക്	പച്ചമുളക്	പച്ച ക്യാപ്സിക്കം

അധ്യാപക കുറിപ്പ്

ചുവന്ന മുളകും, പച്ചമുളകും, ക്യാപ്സിക്കവും കൊണ്ടുവരിക. ഒരേ പച്ചക്കറികൾ തന്നെ പലതരത്തിലുണ്ടെന്ന് മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.

ചീര വർഗ്ഗങ്ങൾ



ഇന്ന് ഞാൻ പുതിന ചമ്മന്തി കഴിച്ചു. ചില ഇലകൾ ഭക്ഷണമായി കഴിക്കാൻ സാധിക്കുമെന്ന് നിങ്ങൾക്ക് അറിയാമോ? അവ നമ്മുടെ ഭക്ഷണത്തെ രുചികരമാക്കുകയും നമ്മെ ആരോഗ്യത്തോടെ നിലനിർത്തുകയും ചെയ്യുന്നു. നിങ്ങൾക്ക് ഏത് തരം ചീരയാണ് കൂടുതൽ ഇഷ്ടം?



മല്ലിയില



മുരിങ്ങയില



പുതിന



പസളക്കീര



കറിവേപ്പില



അധ്യാപകക്കുറിപ്പ്: ക്ലാസിൽപലതരം ചീരകൾ കൊണ്ടുവരുകയും അവയുടെ പേരുകൾ പറയാൻ കുട്ടികളെ സഹായിക്കുകയും ചെയ്യുക.

FU4PN

1. നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ചീരയെ വരയ്ക്കുക.

2. വ്യത്യസ്തമായവയെ വട്ടമിടുക

അ.









ആ.









ഇ.









നിങ്ങളുടെ ഉത്തരങ്ങൾ കൂട്ടുകാരന്റെ ഉത്തരങ്ങളുമായി താരതമ്യം നാളെ എന്താ ചെയ്ത്. ചർച്ച ചെയ്യുക.



കുട്ടികൾ, തങ്ങൾ എടുത്ത തീരുമാനത്തിനുള്ള കാരണം മനസ്സിലാക്കാൻ അവരെ സഹായിക്കുക.

പഴങ്ങൾ

പ്രവർത്തന സമയം

തൊട്ടും മണത്തും കണ്ടെത്താം



അധ്യാപക കുറിപ്പ്

കുട്ടികളുടെ കണ്ണുകൾ ഒരു തുണി കൊണ്ട് കെട്ടി,അവരുടെ മുന്നിൽ പഴങ്ങൾ വയ്ക്കുക. തൊട്ടും മണത്തും പഴങ്ങൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുക.

KC901

ചെയ്തു പഠിക്കാം

1. താഴെ നൽകിയിരിക്കുന്ന പഴങ്ങളുടെ നിറം, വലിപ്പം, ഉപരിതല പ്രകൃതി എന്നിവ നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക.

സവിശേഷതകൾ	 തണ്ണിമത്തൻ	 ഗ്രേപ്സ്	 ആപ്പിൾ	 ചക്ക
നിറം പച്ച / ചുവപ്പ് / പർപ്പിൾ				
വലിപ്പം വലുത് / ഇടത്തരം / ചെറുത്				
ഉപരിതല പ്രകൃതി കട്ടിയുള്ളത് / മൃദുവായത് പരുപരുത്തത് / മിനുസമാർന്നത്				



അധ്യാപക കുറിപ്പ്

ഏതെല്ലാം പഴങ്ങളെ തോലോടുകൂടിയും തോലില്ലാതെയും, കുരുവോടുകൂടിയും, അതുപോലെ അല്ലികളായി/ചുളകളായി പിരിഞ്ഞിരിക്കുന്നതുമായി കഴിക്കുന്നത് എന്ന് മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.

2. ചോദ്യങ്ങൾക്കുള്ള ഉത്തരം അക്കങ്ങളിൽ എഴുതുക.


ഓറഞ്ച് 1


മാമ്പഴം 2


സപ്പോട്ട 3


വാഴപ്പഴം 4


ആപ്പിൾ 5


മുന്തിരി 6


പേരയ്ക്ക 7


ചക്കപ്പഴം 8

ഏതൊക്കെ പഴങ്ങളാണ് നമ്മൾ തൊലി കളഞ്ഞ് കഴിക്കുന്നത്? ( ) ( ) ( ) ( )

ഏതൊക്കെ പഴങ്ങളാണ് നമ്മൾ തോലോടുകൂടി കഴിക്കുന്നത്? ( ) ( ) ( ) ( ) ( )

ഏതൊക്കെ പഴങ്ങളാണ് ചുളകളായി/ പാളികളായി അല്ലികളായി കാണപ്പെടുന്നത്? ( ) ( )

ഏതൊക്കെ പഴങ്ങളാണ് നമ്മൾ കുരുവോടുകൂടി കഴിക്കുന്നത്? ( ) ( ) ( ) ( )

3. പഴങ്ങളെ അവയുടെ രുചിക്കനുസരിച്ച് വട്ടങ്ങൾക്കുള്ളിൽ വരയ്ക്കുക.



മധുരമുള്ളത്	പുളിയുള്ളത്	മധുരവും പുളിയുമുള്ളത്

നാട്ടിൽ ലഭ്യമാകുന്ന പഴങ്ങൾ കൊണ്ടുവരിക. വിദ്യാർത്ഥികളെക്കൊണ്ട് അവ രുചിപ്പിച്ചു നോക്കിയ ശേഷം രുചിയുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാൻ ആവശ്യപ്പെടുക.

കാലാനുസൃതമായ പഴങ്ങൾ സീസൺ പഴങ്ങൾ

നിരീക്ഷിച്ച് ചർച്ച ചെയ്യുക.

ചില പഴങ്ങൾ വർഷത്തിലെ ചില പ്രത്യേക സമയങ്ങളിൽ (സീസണുകളിൽ) മാത്രമാണ് കാണപ്പെടുന്നത് എന്തുകൊണ്ട്?









ചെയ്തു പഠിക്കാം

1. ഭൂതം പറഞ്ഞതനുസരിച്ച് വേനൽക്കാലത്ത് ലഭ്യമാകുന്ന പഴങ്ങൾക്ക് മാത്രം നിറം നൽകുക.



2. വേനൽക്കാലത്ത് ലഭിക്കുന്ന പഴമാണെങ്കിൽ (H) എന്നും, തണുപ്പുകാലത്ത് ലഭിക്കുന്നതാണെങ്കിൽ (C) എന്നും, വർഷം മുഴുവൻ ലഭിക്കുന്നതാണെങ്കിൽ (A) എന്നും എഴുതുക.



നിരീക്ഷിച്ച് ചർച്ച ചെയ്യുക

ചില പഴങ്ങൾ പലതരത്തിലുണ്ട്.





ഏലക്കി

കർപ്പൂരവള്ളി

ചെന്തുളുവൻ

നേന്ത്രക്കായ

ബംഗനപ്പള്ളി

സെന്തൂരം

മൽഗോവ

കിളിമൂക്കൻ മാങ്ങ

നിങ്ങളുടെ പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള വാഴപ്പഴങ്ങളും മാമ്പഴങ്ങളുമാണ് ലഭിക്കുന്നത്?

ചെയ്തു പഠിക്കാം



കർപ്പൂരവള്ളി

നേന്ത്രക്കായ

ചെന്തുളുവൻ

ഏലക്കി

വരച്ച് നിറം നൽകുക

1. നീളമുള്ള വാഴപ്പഴം

2. വളരെ ചെറിയ വാഴപ്പഴം

3. ചുവന്ന നിറത്തിലുള്ള വാഴപ്പഴം

1

2

3

HF5KO

2. പദ ശേഖരത്തിൽ കൊടുത്തിട്ടുള്ള പദങ്ങൾ.

പദ ശേഖരം: നിറം, ചുവപ്പ്, പച്ച, മഞ്ഞ **വലിപ്പം :** വലുത്,ചെറുത്

സ്വഭാവം/ ഇനം	 മൽഗോവ	 സെന്ദൂരം	 ബംഗനപ്പള്ളി
നിറം			
വലിപ്പം			

3. ചന്തയിൽ വരുന്ന സീസൺ പഴങ്ങളെ തിരിച്ചറിയുക.

4. പ്രോജക്റ്റ് : നിങ്ങളുടെ മാതാപിതാക്കളോടൊപ്പം ചന്തയിൽ പോവുക. നിങ്ങൾ വാങ്ങിയ പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ പേരുകൾ പറഞ്ഞ് അവയെ ക്ലാസ്സിൽ ചർച്ച ചെയ്യുക



അധ്യാപക കുറിപ്പ്

പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ പേരുകൾ ബ്ലാക്ക് ബോർഡിൽ എഴുതുക.





നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ ചിത്രം സഞ്ചിയിൽ വരയ്ക്കുക.







പഠനയാത്ര

1. നിരവധി പാളികളുള്ള പച്ചക്കറിയ്ക്ക് (✓) ചിഹ്നം ഇടുക.

അ. 
ആ. 
ഇ. 
ഈ. 

2. ചുവന്നതും നീരുള്ളതുമായ പച്ചക്കറിയുടെ മാത്രം കുത്തുകൾ തമ്മിൽ യോജിപ്പിച്ച് നിറം നൽകുക.

അ. 
ആ. 
ഇ. 
ഈ. 

3. പച്ചക്കറി സലാഡിൽ ഉപയോഗിക്കുന്ന പച്ചക്കറികൾക്ക് (✓) ചിഹ്നം ഇടുക.

അ. 
ആ. 
ഇ. 
ഈ. 

4. മറ്റൊരുതരം വെണ്ടയ്ക്കയ്ക്ക് നിറം നൽകുക





5. സൂചനയ്ക്ക് അനുസൃതമായ പഴത്തെ കണ്ടെത്തി വരയ്ക്കുക

മഞ്ഞ നിറമുള്ളതാണ്.
ഇടത്തരം വലിപ്പമുള്ളതാണ്.
തൊടുമ്പോൾ മിനുസമുള്ളതാണ്.
നല്ല മധുരമുള്ള രുചിയാണ്.'

ഞാൻ പഠിച്ച കാര്യങ്ങൾ

- എനിക്ക് പച്ചക്കറികൾ, ചീരകൾ, പഴങ്ങൾ എന്നിവ തിരിച്ചറിയാൻ എനിക്ക് സാധിക്കും.
- എനിക്ക് പച്ചക്കറികളെയും പഴങ്ങളെയും അവയുടെ നിറം, ആകൃതി, അളവ് എന്നിവ അടിസ്ഥാനമാക്കി താരതമ്യം ചെയ്യാൻ സാധിക്കും.
- എനിക്ക് പച്ചക്കറികളെയും പഴങ്ങളെയും തരംതിരിക്കാൻ സാധിക്കും.
- എനിക്ക് ഏതൊക്കെ പഴങ്ങളും പച്ചക്കറികളുമാണ് വേവിക്കാതെ പച്ചയായി കഴിക്കാൻ കഴിയുന്നതെന്നും വേവിച്ച് കഴിക്കേണ്ടതെന്നും അറിയാം.
- ഞാൻ ആരോഗ്യകരവും വൃത്തിയുള്ളതുമായ ഭക്ഷണശീലങ്ങൾ പിന്തുടരാറുണ്ട്.

ഞാൻ ചെയ്യും

1. കടങ്കഥകൾക്ക് ഉത്തരം നൽകുക. (തക്കാളി, സവാള)

അ) എന്നെ അരിയുമ്പോൾ നിങ്ങൾ കരയും. ഞാൻ ആര്? _____

ആ) ചുവന്ന നിറമുള്ളവൻ: നീരുള്ളവനുമാണ്. ഞാൻ ആര്? _____

2. ശരിയായ വട്ടത്തിന് നിറം നൽകുക.

അ)  ◯ പരുപരുത്തത് ◯ വഴുവഴുപ്പുള്ളത്

ആ)  ◯ പരുപരുത്തത് ◯ വഴുവഴുപ്പുള്ളത്

ഇ)  ◯ പരുപരുത്തത് ◯ മിനുസമായത്, വഴുവഴുപ്പായത്

3. പഴങ്ങളെ അവയുടെ ശരിയായ രുചിയുമായി യോജിപ്പിക്കുക.

അ)  - മധുരവും പുളിയും

ആ)  - പുളി

ഇ)  - മധുരം

4. ചിത്രം ഉപയോഗിച്ച് (✓) ചിഹ്നം ഇടുക.



അ) നിറം

◯ പച്ച ◯ ചുവപ്പ് ◯ പർപ്പിൾ

ആ) വലിപ്പം

◯ വലുത് ◯ ഇടത്തരം ◯ ചെറുത്

ഇ) ഉപരിതല പ്രകൃതി

◯ കട്ടിയുള്ളത് ◯ മൃദുവായത് ◯ പരുപരുത്തത്

◯ വഴുവഴുപ്പുള്ളത്

ഞാൻ ഒരു _____

5. ചിത്രങ്ങളെ ശരിയായ ക്രമത്തിൽ 1, 2, 3, 4 എന്ന് എഴുതുക.






6. വായ്മൊഴി ചോദ്യങ്ങൾ

അ) ഏതെങ്കിലും രണ്ട് മധുരമുള്ള പഴങ്ങളുടെ പേരുകൾ പറയുക.

ആ) ഏതെങ്കിലും മൂന്ന് ചെറിയ പച്ചക്കറികളുടെ പേരുകൾ പറയുക.

ഇ) വേവിക്കാതെ കഴിക്കാവുന്ന രണ്ട് പച്ചക്കറികളുടെ പേര് പറയുക.

ഈ) നിങ്ങൾ കഴിക്കുന്ന ഏതെങ്കിലും ഒരു ചീരയുടെ പേര് പറയുക.

7. പ്രോജക്റ്റ്: നിങ്ങളുടെ കൂട്ടുകാർ അല്ലെങ്കിൽ കുടുംബാംഗങ്ങൾ മൂന്നു പേരോട്, അവർക്ക് ഇഷ്ടമുള്ള പച്ചക്കറി, പഴം എന്നിവ ഏതെന്ന് ചോദിച്ച്, അവ വരയ്ക്കുക

ക്രമ നമ്പർ			
പച്ചക്കറി			
പഴം			

മിടുക്കോടെ പ്രവർത്തിക്കൂ! തെളിമയോടെ ചിന്തിക്കൂ!

കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരണത്തിനും ഏകോപനത്തിനുമായി ആഴ്ചയിൽ ഒരു പരിശീലനം വീതം ദിവസവും അഞ്ച് മിനിറ്റ് ചെയ്യിക്കണം.



രണ്ടു കൈകളും ഒരേ സമയം പ്രവർത്തിപ്പിക്കുക — ഇടതു കൈ മുകളിലേക്ക് ഉയർത്തി 'M' ആകൃതിയും, വലതു കൈ താഴേക്ക് താഴ്ത്തി 'W' ആകൃതിയും എഴുതുക.





വലതു കൈ: നിങ്ങളുടെ ചൂണ്ടുവിരലിന്റെ അഗ്രം ഉപയോഗിച്ച് വട്ടം ഇടതടവില്ലാതെ ക്ലോക്കിന്റെ സൂചി കറങ്ങുന്ന ദിശയിൽ (ക്ലോക്ക്‌വൈസ്) വരയ്ക്കുക.

ഇടതു കൈ: നിങ്ങളുടെ ഉള്ളംകൈയുടെ അടിഭാഗം, വരയിലൂടെ മുകളിൽ നിന്ന് താഴേക്ക് കുത്തനെ ചലിപ്പിക്കുക. ഇത് ചെയ്ത ശേഷം കൈകൾ പരസ്പരം മാറ്റി ചെയ്യുക







വലതു കൈ: നിങ്ങളുടെ ചൂണ്ടുവിരൽ കൊണ്ട് വട്ടം ഇടതടവില്ലാതെ വരയ്ക്കുക. മുഴുവൻ സമയവും അത് ഒരേ രീതിയിൽ തുടർച്ചയായി ചലിപ്പിച്ചു കൊണ്ടിരിക്കണം!

ഘട്ടം 1: ഇടതു കൈ മടക്കി (മുഷ്ടി ചുരുട്ടി) പച്ച നിറത്തിലുള്ള പുള്ളിയിൽ തൊടുക.



ഘട്ടം 2: നിങ്ങളുടെ ഇടതു ഉള്ളം കൈയുടെ താഴ്ഭാഗത്തെ വശം ഓറഞ്ച് നിറത്തിലുള്ള വരയിൽ അമർത്തുക.

രണ്ടു കൈകളും തയ്യാറാക്കി വച്ചുകൊണ്ട് ബ്ലാക്ക് ബോർഡിന് മുന്നിൽ നിൽക്കുക. രണ്ടു കൈകളും ഒരേ സമയം ഉപയോഗിച്ച് ബോർഡിലെ ഓരോ വരിയിലൂടെയായി നീങ്ങുക: തുറന്ന കൈ ആകൃതി: നിങ്ങളുടെ തുറന്ന ഉള്ളം കൈ ബോർഡിൽ വയ്ക്കുക. വൃത്താകൃതി: അടച്ച കൈ കൊണ്ട് (മുഷ്ടി ചുരുട്ടി) ബോർഡിൽ തൊടുക.

ഘട്ടം 3: നിങ്ങളുടെ ഇടതു ഉള്ളം കൈ പർപ്പിൾ നിറത്തിലുള്ള കൈയുടെ ആകൃതിയുടെ മുകളിൽ വയ്ക്കുക.



പാറ്റേണുകൾ പൂർത്തിയാക്കാം

നൽകിയിരിക്കുന്ന കളർ പാറ്റേൺ ഉപയോഗിച്ച് ചിത്രങ്ങൾക്ക് നിറം നൽകുക.

























പാറ്റേണുകൾ പൂർത്തിയാക്കാം

























പഠനയാത്ര



സീസണൽ പഴങ്ങൾ, സാധാരണ പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ വിവിധ തരങ്ങളെക്കുറിച്ച് മനസ്സിലാക്കൽ.

പുതിയ പഴങ്ങളും പച്ചക്കറികളും കഴിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും, ലളിതമായ ഭക്ഷണ ശുചിത്വ ശീലങ്ങൾ പിന്തുടരുകയും ചെയ്യൽ.

നിരീക്ഷിക്കാവുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ സാധാരണ പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ എന്നിവ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യൽ.

നിരീക്ഷിക്കാവുന്ന സവിശേഷതകളുടെയും ഉപയോഗങ്ങളുടെയും അടിസ്ഥാനത്തിൽ സാധാരണ പൂക്കളെ തിരിച്ചറിയൽ.

സസ്യങ്ങളെ തിരിച്ചറിഞ്ഞ് താരതമ്യം ചെയ്യുന്നതോടൊപ്പം, സസ്യങ്ങളുടെ വിവിധ ഭാഗങ്ങളിൽ നിന്നാണ് നമുക്ക് ഭക്ഷണം ലഭിക്കുന്നതെന്ന് മനസ്സിലാക്കൽ.

സസ്യങ്ങൾ വളരുന്ന ഇടങ്ങൾ, അവയുടെ ഭാഗങ്ങൾ, ലളിതമായ ധർമ്മങ്ങൾ എന്നിവ തിരിച്ചറിയുകയും; സസ്യങ്ങളെ സംരക്ഷിക്കുന്നതിൽ ശ്രദ്ധയോടും ഉത്തരവാദിത്തത്തോടും കൂടി പ്രവർത്തിക്കുകയും ചെയ്യൽ.

Standard 1 - Mathematics - Term - II Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

Deepu V,
Sec. Gr.Teacher,
P.U.P.S Pandalur, Gudalur Block,
The Nilgris.

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Sreeja V.R.,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084

Art and Design Team

M. Amalraj,
Layout Co-ordinator
B.T. Asst., SCERT, Chennai.

V. S. Johnsmith, Designer

Illustration

R. Rajesh
B. Pramoth

Wrapper Design

Kathir Arumugam

Standard 1 - Environmental Science - Term - II Malayalam Medium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

Sreeja V.R.,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Deepu V,
Sec. Gr.Teacher,
P.U.P.S Pandalur, Gudalur Block,
The Nilgris.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

Praveen S, Designer

Illustration

M. Gurumani, Art master,
Govt. Model HSS, Arumbakkam, Chennai.

R. Rajesh

Wrapper Design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.
Printed by offset at: